# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1865** **11.02.2020-ൽ മറുപടിയ്ക്ക്**

**കാർഷിക കടങ്ങൾക്ക് മോറട്ടോറിയം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.സി. ജോസഫ് | | ശ്രീ.പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) | കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ തീരുമാന പ്രകാരം എന്നുമുതൽ ഏതു തീയതിവരെയാണ് മോറട്ടോറിയം ഏർപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലും ഉള്ള ജപ്തി നടപടികൾക്ക് 12.10.2018-ലെ സ.ഉ(എം.എസ്) 367/2018/റവ നമ്പർ പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ആയത് 27.05.2019 -ലെ സ.ഉ(എം.എസ്)146/2019/റവ നമ്പർ പ്രകാരം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. 03.01.2020-ലെ സ.ഉ.(കൈ)നം.7/2020/റവ പ്രകാരം പ്രസ്തുത മൊറട്ടോറിയം കാലാവധി 31.03.2020 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | കാർഷിക കടങ്ങൾക്ക് നിലവിൽ ഏർപ്പെടുത്തുന്ന പലിശ എത്രയാണെന്നും മോറട്ടോറിയം കാലാവധിയിലും അതിനുശേഷവും ഈടാക്കുന്ന പലിശ എത്രയാണെന്നും വെളിപ്പെടുത്തുമോ; | (ബി) | കാർഷിക വായ്പകളുടെ പലിശ നിരക്ക് വായ്പയുടെ സ്വഭാവം, കാലാവധി എന്നിവയ്ക്കനുസൃതമായാണ് നിജപ്പെടുത്തുന്നത്. പലിശ നിരക്കുകൾ അതാത് ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമാണ്. കർഷകരുടെ കിസാൻ ക്രെഡിറ്റ് കാർഡ് വായ്പകൾക്ക് നിലവിൽ 2% പലിശ സബ് വെൻഷനും (Interest Subvention) എടുത്ത തുക പലിശ സഹിതം കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് 3% പ്രോത്സാഹന പലിശ ഇളവും നൽകുന്നുണ്ട്. ഇതു പ്രകാരം കർഷകൻ 4% മാത്രമാണ് ഹ്രസ്വകാല കാർഷിക വായ്പക്ക് പലിശ ആയി നൽകേണ്ടത്.<br>കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലുള്ള വായ്പ നിലവിൽ മോറട്ടോറിയം ആനുകൂല്യത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആദ്യം ഒരു വർഷം മാത്രം 2% Interest Subvention ലഭിക്കുന്നതാണ്. രണ്ടാം വർഷം മുതൽ പുന:ക്രമീകരിച്ച വായ്പക്ക് സാധാരണ ഗതിയിലുള്ള പലിശ നൽകേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | രണ്ടു ലക്ഷം രൂപവരെയുള്ള കർഷകരുടെ കടങ്ങൾ എഴുതിതള്ളാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ; ഈ കാര്യത്തിലെ സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (സി) | കേരള കർഷക കടാശ്വാസ കമ്മീഷൻ മുഖാന്തിരം അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് 2019 ഡിസംബർ 7-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ 3016-ാം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | മോറട്ടോറിയം കാലഘട്ടത്തിലെ കാർഷിക കടങ്ങളുടെ പലിശയ്ക്കോ അധികപലിശയ്ക്കോ സർക്കാർ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ